പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1678 16.03.2015- ൽ മറുപടിയ്ക്ക്

**ക്ഷേമ പെൻഷനുകൾ**

ചോദ്യം

ശ്രീ.കെ.കെ.ജയചന്ദ്രൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ ഓരോന്നും എത്ര മാസത്തെ വീതം കുടിശ്ശിക ആയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യക്ഷേമ പെൻഷനുകളിൽ വികലാംഗപെൻഷന് ഏകദേശം മൂന്നുമാസത്തേയും വിധവ പെൻഷന് ഏകദേശം നാലുമാസത്തേയും, ദേശീയ വാർദ്ധക്യകാലപെൻഷന് ഏകദേശം ആറുമാസത്തേയും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഏകദേശം മൂന്ന് മാസത്തേയും കുടിശ്ശിക യുണ്ട്. |
| (ബി) | ക്ഷേമപെൻഷനുകൾ യഥാസമയം നൽകുന്നതിന് വീഴ്ച വരുന്നതിനിടയായ സാഹചര്യം വിശദമാക്കുമോ ; | (ബി) യും (സി) യും | ക്ഷേമ പെൻഷൻ വിതരണത്തിൽ മന:പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. സാമൂഹ്യക്ഷേമ പെൻഷൻ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും സാമൂഹ്യക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചതും ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുകയും ഇക്കാരണത്താൽ പെൻഷൻ വിതരണത്തിന് കൂടുതൽ ഫണ്ട് ആവശ്യമായിവരികയും ചെയ്ത സാഹചര്യത്തിൽ പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്. |
| (സി) | 2015 മാർച്ച് മാസം വരെയുള്ള ക്ഷേമ പെൻഷനുകൾ അടിയന്തിരമായി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ